You
Today at 10:22 AM

# അമലയിൽ ലോക ഉപഭോക്തൃദിനാചരണം

**തൃശൂർ:** അമല മെഡിക്കൽ കോളജിൽ നടത്തിയ ലോക ഉപഭോക്തൃദിനാചരണത്തിന്റെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലീല രാമകൃഷ്ണൻ നിർവഹിച്ചു. അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, ജോയിന്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ, വൈസ് പ്രിൻസിപ്പൽ ഡോ. ദീപ്തി രാമകൃഷ്ണൻ, ജനറൽ മാനേജർ ബോർജിയോ ലൂയിസ്, എന്റമോളജിസ്റ്റ് മുഹമ്മദ് റാഫി, പിആർഒ ജോസഫ് വർഗീസ് എന്നിവർ പ്രസംഗിച്ചു.



**അമല മെഡിക്കൽ കോളജിൽ നടത്തിയ ലോക ഉപഭോക്തൃദിനാചരണത്തിന്റെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലീല രാമകൃഷ്ണൻ നിർവഹിക്കുന്നു.**

5 of 12

Betsy

Dr. BETSY THOMAS
MD, FRCOG, DNB, MICOG
PRINCIPAL
AMALA INSTITUTE OF MEDICAL SCIENCES
AMALA NAGAR, THRISSUR-680 555

AMALA INSTITUTE OF MEDICAL SCIENCES
THRISSUR

You
Today at 10:22 AM

# അമലയിൽ നാഷണൽ ലൈബ്രറി സെമിനാർ നടത്തും

**തൃശൂർ:** മെഡിക്കൽ കോളജ്, അക്കാദമിക് ലൈബ്രറി അസോസിയേഷൻ, കേരള മെഡിക്കൽ ലൈബ്രേറിയൻസ് അസോസിയേഷൻ എന്നിവർ സംയുക്തമായി സുസ്ഥിരവികസനത്തിനുള്ള സാമൂഹിക ശാക്തീകരണം ലൈബ്രറികളിലൂടെ എന്ന വിഷയത്തിൽ ദ്വിദിനസെമിനാർ നടത്തും. കേന്ദ്ര സർക്കാരിനു കീഴിലുള്ള ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചാണു സെമിനാർ സ്പോൺസർ ചെയ്യുന്നത്. 28, മാർച്ച് ഒന്ന് തീയതികളിൽ അമലയിലെ ബ്രദർ സേവ്യർ മെമ്മോറിയൽ ഹാളിൽ നടത്തുന്ന സെമിനാറിൽ ഇന്ത്യയിലെ ഇരുന്നൂറോളം ലൈബ്രേറിയൻമാരും അധ്യാപകരും ഗവേഷകരും പങ്കെടുക്കും.

സമഗ്രസംഭാവനയ്ക്കുള്ള 20,000 രൂപയുടെ പുരസ്കാരം ഗവ. വിക്ടോറിയ കോളജ് മുൻ ചീഫ് ലൈബ്രേറിയൻ ഡോ. കെ. ആർ. അജിതനും നാഷണൽ ബെസ്റ്റ് ലൈബ്രേറിയൻ പുരസ്കാരങ്ങൾ പുനെയിലെ എംഐടി യൂണിവേഴ്സിറ്റിയിലെ ഡോ. നിതിൻ ജോഷി, കോട്ടയം എംജി യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഡോ. വി. വിമൽകുമാർ എന്നിവർക്കും സമ്മാനിക്കും. പരിപാടിയുടെ ഉദ്ഘാടനവും എഎൽഎ അവാർഡ് ദാനവും 28നു കേരള വെറ്ററിനറി യൂണിവേഴ്സിറ്റി വിസി ഡോ. കെ. എസ്. അനിൽ നിർവഹിക്കും. മാർച്ച ഒന്നിനു സമാപനസമ്മേളനം പിഎസ്‌സി മുൻ അംഗം ടി.ആർ. അനിൽകുമാർ നിർവഹിക്കും.

അമല ജോയിന്റ് ഡയറക്ടർ ഫാ. ഡെൽജോ പുത്തൂർ, പ്രഫസറും ചീഫ് ലൈബ്രേറിയനുമായ ഡോ. എ.ടി. ഫ്രാൻസിസ്, എക്സ്റ്റേണൽ അഫയേഴ്സ് ജനറൽ മാനേജർ ബോർജിയോ ലൂയിസ്, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. പി.പി. ബിനിത, പിആർഒ ജോസഫ് വർഗീസ് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

Deepika 25-02-25

AMALA INSTITUTE OF MEDICAL SCIENCES
THRISSUR



Betsy
Dr. BETSY THOMAS
MD, FRCOG, DNB, MICOG
PRINCIPAL
AMALA INSTITUTE OF MEDICAL SCIENCES
AMALA NAGAR, THRISSUR-680 555

You
Today at 10:22 AM

കേരള കൗമുദി
Thrissur 06 Jun 2025



അമല ആയുർവേദ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ അന്തർദേശീയ പരിസ്ഥിതി ദിനാചരണത്തിന്റെയും വൃക്ഷത്തൈ വിതരണത്തിന്റെയും ഉദ്ഘാടനം സി.ആർ.നീലകണ്ഠൻ നിർവഹിക്കുന്നു

## പരിസ്ഥിതി ദിനാചരണം

തൃശ്ശൂർ: അമല ആയുർവേദ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ അന്തർദേശീയ പരിസ്ഥിതി ദിനാചരണത്തിന്റെയും വൃക്ഷത്തൈ വിതരണത്തിന്റെയും ഉദ്ഘാടനം സി.ആർ.നീലകണ്ഠൻ നിർവഹിച്ചു. ഔഷധി മാനേജിംഗ് ഡയറക്ടർ ഡോ. ടി.കെ.ഹൃതിക്, ഔഷധി പഞ്ചകർമ്മ ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. കെ.എസ്.രജിതൻ, സ്റ്റേറ്റ് എക്സിക്യൂട്ടീവ് പ്ലാന്റ് ബോർഡ് മെമ്പർ ഒ.എൽ.പയസ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ബോർഡ് മെമ്പർ വർഗീസ് തരകൻ, അമല ജോയിന്റ് ഡയറക്ടർമാരായ ഫാ. ആന്റണി പെരിഞ്ചേരി, ഫാ. ഷിബു പുത്തൻപുരയ്ക്കൽ, ആയുർവേദ ഫിസിഷ്യൻമാരായ ഡോ. എസ്. ജയദീപ്, ഡോ. സിസ്റ്റർ. ഓസ്റ്റിൻ തുടങ്ങിയവർ പങ്കെടുത്തു.
ചടങ്ങിൽ മുന്നൂറോളം വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്തു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Thrissur



AMALA INSTITUTE OF MEDICAL SCIENCES THRISSUR

Betsy

DR. BETSY THOMAS
MD, FRCOG, DNB, MICOG
PRINCIPAL
AMALA INSTITUTE OF MEDICAL SCIENCES
AMALA NAGAR, THRISSUR-680 555

You

Today at 10:22 AM




അമല മെഡിക്കൽ കോളജിൽ ലോക ലബോറട്ടറി ദിനാചരണം ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ വെള്ളരിപ്രാവിനെ പറത്തി ഉദ്ഘാടനം ചെയ്യുന്നു.

# അമലയിൽ ലോക ലബോറട്ടറി ദിനാചരണം

**അമലനഗർ:** അമല മെഡിക്കൽ കോളജിൽ ലോക ലബോറട്ടറി ദിനാചരണം ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ വെള്ളരിപ്രാവിനെ പറത്തി ഉദ്ഘാടനംചെയ്തു.

ലോകത്തിലെതന്നെ ഏറ്റവും മെച്ചയേറിയ ഉപകരണങ്ങളാണ് അമല ആശുപത്രിയിലെ ലബോറട്ടറികളിൽ ഉപയോഗിക്കുന്നതെന്നും രോഗനിർണയത്തിൽ സുപ്രധാനപങ്കുവഹിക്കുന്ന അമലയിലെ 380 ടെസ്റ്റുകളും ഗുണമേന്മ ഉറപ്പുവരുത്തുന്ന ഇന്ത്യയിലെ ഏറ്റവും പ്രധാന സംവിധാനമായ എൻഎബിഎൽ അക്രഡിറ്റേഷൻ അംഗീകാരം നേടിയിട്ടുള്ളതാണെന്നും ഡയറക്ടർ വ്യക്തമാക്കി. പ്രഗത്ഭരായ ഡോക്ടർമാരെയും ലബോറട്ടറി ടെക്നീഷ്യൻമാരെയും അനുമോദിച്ചു.

ജോയിന്റ് ഡയറക്ടർ ഫാ. ജെയ്സൺ മുണ്ടൻമാണി, വൈസ് പ്രിൻസിപ്പൽ ഡോ. ലോലദാസ്, ലാബ് ഡയറക്ടർ ഡോ. റീന ജോൺ, ബയോകെമിസ്ട്രി വിഭാഗം മേധാവി ഡോ. ജോസ് ജേക്കബ്, പത്തോളജി വിഭാഗം മേധാവി ഡോ. എം.സി. സാവിത്രി എന്നിവർ സന്ദേശം നൽകി. ഡോ. നിധിൻ പോൾ, വി.പി. പ്രജിത്ത് എന്നിവരുടെ നേതൃത്വത്തിൽ ലാബ് ജീവനക്കാരും അവരുടെ കുടുംബാംഗങ്ങളുമടക്കം 59 പേർ രക്തദാനം നടത്തി.

നാലു ദിവസങ്ങളിലായി നടന്ന ലബോറട്ടറി ദിനാചരണത്തിൽ ലാബ് സേവനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള റീൽസ് മത്സരങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള ഫുഡ് ഫെസ്റ്റ്, എംബിബിഎസ് വിദ്യാർഥികൾക്കായുള്ള സ്കിൽ ലാബ് പരിശീലനം, ഓട്ടിസം ബാധിച്ചവരെ സന്ദർശിക്കൽ, ലാബ് ജീവനക്കാർക്കായുള്ള സൗഹൃദ ഉച്ചഭക്ഷണം എന്നിവയുണ്ടായിരുന്നു.

## ടൗൺഹാ

**തൃശൂർ:** ടൗൺഹാൾ ഒരു മാ
മാറി; മധുരമൂറുന്ന, തേൻകി
രായിരം മാമ്പഴങ്ങളുള്ള മാ
തൃശൂർ അഗ്രിഹോർട്ടിക്ക
സൈറ്റിയുടെ ആഭിമുഖ്യത്തി
കുപ്പ്, കാർഷികസർവകലാ
ഡിജീനസ് മാങ്കോട്രീ കൺ
പ്രോജക്ട്, ഡിടിപിസി എന്നി
ഹകരണത്തോടെ സംഘട
മാങ്ങാമേള കാണാൻ ടൗൺ
ത്തിയാൽ ഒരുപാടൊരുപാ
ൽ എത്തിയപോലെയാണ്.
കുട്ടിക്കാലംതൊട്ട് കേട്ടു
ന്നിയ മാമ്പഴങ്ങൾക്കൊപ്പം



AMALA INSTITUTE OF MEDICAL SCIENCES THRISSUR

Betsy

Dr. BETSY THOMAS
MD, FRCOG, DNB, MICOG
PRINCIPAL
AMALA INSTITUTE OF MEDICAL SCIENCES
AMALA NAGAR, THRISSUR-680 555

You
Today at 10:22 AM

# അമലയിൽ ന്യൂക്ലിക് ആസിഡ് ടെസ്റ്റ് ലാബ് തുറന്നു

**തൃശൂർ:** അമല മെഡിക്കൽ കോളജ് ബ്ലഡ് സെന്ററിൽ പുതിയതായി ആരംഭിച്ച ന്യൂക്ലിക് ആസിഡ് ടെസ്റ്റ് ലാബിന്റെയും നാറ്റ്കോൺ തുടർവിദ്യാഭ്യാസപരിപാടിയുടെയും ഉദ്ഘാടനം ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ നിർവഹിച്ചു.



**അമല മെഡിക്കൽ കോളജ് ബ്ലഡ് സെന്ററിൽ പുതിയതായി ആരംഭിച്ച ന്യൂക്ലിക് ആസിഡ് ടെസ്റ്റ് ലാബിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ നിർവഹിക്കുന്നു.**

അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, ജോയിന്റ് ഡയറക്ടർ ഫാ. ജെയ്സൺ മുണ്ടൻമാണി, വൈസ് പ്രിൻസിപ്പൽ ഡോ. ദീപ്തി രാമകൃഷ്ണൻ, ബ്ലഡ് സെന്റർ മേധാവി ഡോ. വിനു വിപിൻ. ജൂബിലി മിഷൻ ലാബ് ഡയറക്ടർ ഡോ.സുശീല ജേക്കബ് എന്നിവർ പ്രസംഗിച്ചു. രോഗികൾക്കു നൽകുന്ന രക്തം സുരക്ഷിതമാക്കാൻ ലോകത്തു നിലവിലുള്ള പ്രധാനപ്പെട്ട പരിശോധനയാണ് ന്യൂക്ലിക് ആസിഡ് ടെസ്റ്റ്. എച്ച്ഐവി, ഹെപ്പറ്റൈറ്റിസ്-ബി, സി എന്നിങ്ങനെ മാരകരോഗങ്ങളുടെ സാന്നിധ്യം കുറഞ്ഞ കാലയളവിൽ കണ്ടെത്താൻ കഴിയും. എംവിആർ കാൻസർ സെന്ററിലെ ഡോ. നിറ്റിൻ ഹെൻട്രി, അമൃത മെഡിക്കൽ കോളജിൽനിന്നും ഡോ. ലിൻഡ ജോൺ, റോഷ് ഡയഗ്നോസ്റ്റിക് ഇന്ത്യയിലെ ഡോ. ദീപേഷ് കുമാർ ത്രിവേദി, അമല മെഡിക്കൽ കോളജിലെ തബിദ മറിയം സാബു എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. 175 പേർ നാറ്റ്കോൺ തുടർവിദ്യാഭ്യാസപരിപാടിയിൽ പങ്കെടുത്തു. കേരളത്തിലെ മെഡിക്കൽ കോളജുകളിൽ എൻഎബിഎച്ച് അംഗീകാരമുള്ള ആദ്യ ബ്ലഡ് സെന്ററും ന്യൂക്ലിക് ആസിഡ് ടെസ്റ്റിനു സൗകര്യമുള്ള ഒമ്പതാമത്തെ സ്ഥാപനവുമാണ് അമല. ശരാശരി ആയിരം രോഗികൾക്ക് എല്ലാ മാസവും അമല ബ്ലഡ് സെന്ററിൽനിന്നു രക്തം നൽകുന്നുണ്ട്. 3600 ജീവനക്കാരെയും ഉൾപ്പെടുത്തി രോഗികൾക്കു രക്തംലഭ്യമാക്കുന്ന പദ്ധതിക്കും അമല നേതൃത്വം നൽകുന്നു.

## ഇന്നത്തെ പരിപാടി

**തൃശൂർ:** ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം (ഉല്ലാസ്) ജില്ലാ സംഘാടക സമിതി കളക്ടറേറ്റ് അനക്സ് ഹാളിൽ ഉച്ചയ്ക്കു രണ്ടിന്.

**തൃശൂർ:** പുഴയ്ക്കൽ, ചിറ്റിലപ്പിള്ളി ക്ഷീരസഹകരണസംഘങ്ങളിൽ സ്ഥാപിക്കുന്ന മിൽക്ക് എടിഎം പദ്ധതിയുടെ ഉദ്ഘാടനം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിൽ രാവിലെ ഒമ്പതിന്.

**വിയ്യൂർ:** സെൻട്രൽ ജയിലിൽ തടവുകാർക്കുള്ള ചലച്ചിത്രോത്സവം- തിരുത്ത് ഫിലിമോത്സവ് രാവിലെ 11 മുതൽ.

**തൃശൂർ:** ഉഷ എഫ്സി സംഘടിപ്പിക്കുന്ന കൊച്ചമ്മു മെമ്മോറിയൽ സെവൻസ് ഫുട്ബോൾ ടൂർണമെന്റ് വി.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയത്തിനു മുന്നിലെ ഗ്രൗണ്ടിൽ രാത്രി ഏഴിന്.

6 of 12

AMALA INSTITUTE OF MEDICAL SCIENCES THRISSUR

Betsy

Dr. BETSY THOMAS
MD, FRCOG, DNB, MICOG
PRINCIPAL
AMALA INSTITUTE OF MEDICAL SCIENCES
AMALA NAGAR, THRISSUR-680 555